## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1293** 31.10.2019 -ൽ മറുപടിയ്ക്ക്

## ദേശീയ വിദ്യാഭ്യാസ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) കേന്ദ്ര സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കുമോ;<br><br>ബി) സംസ്ഥാന താല്പര്യത്തിനനുയോജ്യമായ തരത്തിൽ ഇതിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനുള്ള നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) യും ബി) യും<br>ഉണ്ട്. മാനവ വിഭവ വികസന മന്ത്രാലയം ചർച്ചയ്ക്കായി പുറത്തിറക്കിയ കരട് വിദ്യാഭ്യാസ നയത്തിൽ ഫെഡറൽ സംവിധാനത്തിനോടൊത്തുപോകാത്ത ഒട്ടനവധി നിർദേശങ്ങളുണ്ട്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. സ്റ്റേറ്റിനും നിരവധി കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ അവകാശമുണ്ട്. അത്തരം അവകാശങ്ങളെ ദുർബലപ്പെടുത്തുകയും കേന്ദ്രീകരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ കരട് വിദ്യാഭ്യാസ നയത്തിലുണ്ട് എന്നും അത്തരം നിർദേശങ്ങൾ പിൻവലിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്കൂൾ ഘടന പോലും കേന്ദ്രീകരിച്ച് തയ്യാറാക്കാനുള്ള നിർദേശങ്ങൾ കരട് രേഖയിലുണ്ട്. ഇത് ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് യോജിച്ചുപോകുന്നവയല്ല എന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ നയങ്ങൾ കേന്ദ്ര സർക്കാർ അംഗീകരിച്ചതായി അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ